## ജാഗ്രതാ ഉപദേശം

ലോൺ സെറ്റിൽമെന്റ്

**അനധികൃത സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന നിയമവിരുദ്ധവും വ്യാജവുമായ ലോൺ സെറ്റിൽമെന്റ്/കൗൺസിലിംഗ് സേവനങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക.**

പ്രിയ ഉപഭോക്താക്കളെ,

ചില അംഗീകൃതമല്ലാത്ത, അനധികൃത സ്വകാര്യ സ്ഥാപനങ്ങൾ ('എന്റിറ്റികൾ') ഉപഭോക്താക്കളെ (i) സോഷ്യൽ മീഡിയയിലൂടെയുള്ള, പ്രത്യേകിച്ച്, ഫേസ്ബുക്ക്, ട്വിറ്റർ പരസ്യങ്ങൾ, (ii) അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സേർച്ച് എഞ്ചിനുകളിലൂടെ (ഉദാ: ഗൂഗിൾ മുതലായവ) ആക്സസ് ചെയ്യുകയും ചെയ്യൽ; (iii) പ്രശസ്ത ധനകാര്യ സ്ഥാപനങ്ങളുടെ ബ്രാൻഡ് ലോഗോയുടെയും വ്യാപാരമുദ്രയുടെയും ദുരുപയോഗം/അനധികൃത പ്രസിദ്ധീകരണം അവരുടെ വെബ്സൈറ്റിലും സോഷ്യൽ മീഡിയയിലും പ്രസിദ്ധീകരിക്കൽ; (iv) വെബ്സൈറ്റിൽ വ്യാജ ഫീഡ്ബാക്ക് പ്രസിദ്ധീകരിക്കുകയും നിരപരാധികളായ ഉപഭോക്താക്കളെ അവരുടെ നിയമവിരുദ്ധമായ ഡെബ്റ്റ് കൗൺസിലിംഗ് സേവനങ്ങൾ ലഭിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു കൊണ്ട്, മുൻകൂർ / ഉടനടിയുള്ള ഫീസ് ഈടാക്കിക്കൊണ്ട് അവരുടെ ലോൺ തുകകൾ ധനകാര്യ സ്ഥാപനങ്ങളിൽ തീർപ്പാക്കുമെന്ന് തെറ്റായ ഉറപ്പുകൾ നൽകുകയും ചെയ്യുന്നു എന്നത് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ഞങ്ങളുടെ ഉപഭോക്താക്കളും പൊതുജനങ്ങളും ഇത്തരം അനധികൃത, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളുമായി ഇടപഴകരുതെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുന്നു. വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന അല്ലെങ്കിൽ വീഴ്ച വരുത്താൻ ഉദ്ദേശിക്കുന്ന ഉപഭോക്താക്കളെ വ്യാജ ലോൺ സെറ്റിൽമെന്റ് സേവനങ്ങൾ/പരിഹാരങ്ങൾ എന്നിവ ഉപയോഗിച്ച് ഉപഭോക്താക്കളെ ലക്ഷ്യമിടുകയും അവർക്ക്

('ഇരകൾ') സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന പ്രക്രിയയിൽ ഏർപ്പെടുകയും ചെയ്യും.

ഈ സ്ഥാപനങ്ങളുടെ പ്രവർത്തന രീതി ഇപ്രകാരമാണ്:

1. അത്തരം ഇരകളെ സഹായിക്കുക എന്ന വ്യാജേന, ഈ സ്ഥാപനങ്ങൾ ഇടപാടുകാർക്കും ബാങ്കിനും അല്ലെങ്കിൽ എൻബിഎഫ്സിക്കും ("വായ്പ കൊടുക്കുന്നയാൾ") ഇടയിൽവായ്പാതുകകൾ തീർപ്പു കൽപ്പിക്കുന്നതിനായി മധ്യസ്ഥരായി സ്വയം പ്രഖ്യാപിക്കുന്നു. ഈ സ്ഥാപനങ്ങൾ ഇനിപ്പറയുന്നതുപോലുള്ള തെറ്റായ ഉറപ്പുകൾ നൽകുന്നു:

(i) അവരുടെ പ്രത്യേക നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച് വളരെ കുറഞ്ഞ തുകയ്ക്ക് ലോൺ സെറ്റിൽ ചെയ്യുന്നു;

(ii) ഉപഭോക്താവിന്റെ പണയപ്പെടുത്തിയ സ്വത്തുക്കൾ അവരുടെ നിയമസഹായം ഉപയോഗിച്ച് സംരക്ഷിക്കുന്നു;

(iii) കരിമ്പട്ടികയിൽ പെടുത്തിയ കമ്പനിയുടെ ഭീമമായ കുടിശ്ശിക വളരെ കുറഞ്ഞ തുകയിൽ തീർക്കുന്നു.

2. ഇരകൾ അവരുമായി കരാറിൽ/രേഖകളിൽ ഏർപ്പെടാനും ഇരകൾക്ക് വേണ്ടി പ്രവർത്തിക്കാൻ ഒരു അധികാരപത്രം നൽകാനും അവർ ആവശ്യപ്പെടുന്നു.

3. അവർ നിരപരാധികളായ ഉപഭോക്താക്കളെ വഞ്ചിക്കുന്നു:

(എ) കുറഞ്ഞത് 2 മാസമോ അതിൽ കൂടുതലോ ഇഎംഐ പേയ്മെന്റുകൾ നടത്തുന്നത് നിർത്താൻ അവരെ പ്രേരിപ്പിച്ചുകൊണ്ട്, പകരം അവരുടെ വ്യാജ ലോൺ സെറ്റിൽമെന്റ് പരിഹാരത്തിന്റെ ഭാഗമായി അത്തരം ഒരു സ്ഥാപനത്തിന്റെ പ്രത്യേക "സെറ്റിൽമെന്റ്" ബാങ്ക് അക്കൗണ്ടിലേക്ക് തുക അടപ്പിക്കും;
;

(ബി) എന്റ്റിറ്റികൾ അവരുടെ വൈദഗ്ധ്യം വഴി, അവിശ്വസനീയമാംവിധം കുറഞ്ഞ തുകയ്ക്ക് ഉപഭോക്താവിന്റെ ലോൺ സെറ്റിൽ ചെയ്യുന്നുമെന്ന് വാഗ്ദാനം ചെയ്യുന്നു;

(സി) ഇഎംഐ പേയ്മെന്റിൽ വീഴ്ച വരുത്തുകയോ അല്ലെന്കിൽ കുറഞ്ഞ ഇഎംഐകൾ അടയ്ക്കുകയോ ചെയ്യുന്ന സംഭവത്തിൽ ഉപഭോക്താക്കളുടെ സിബിൽ രേഖകൾ ബാധിക്കപ്പെടില്ലെന്ന് ഉറപ്പു നൽകുന്നു;

(ഡി) അവരുടെ തന്ത്രത്തിന്റെ ഭാഗമായി, കടം കൊടുക്കുന്നയാളുടെ ഭാഗത്തുനിന്ന് നിയമ/നിയന്ത്രണങ്ങളുടെ ലംഘനം ആരോപിച്ച്, തെറ്റായ ആരോപണങ്ങളുമായി അവർ നോട്ടീസ് പുറപ്പെടുവിക്കുന്നു;

(ഇ) കടം കൊടുക്കുന്നയാളിൽ നിന്ന് എന്തെങ്കിലും കോൾ ലഭിക്കുകയാണെങ്കിൽ, ഇരകളോട് അവരുടെ ഇൻകമിംഗ് ഫോൺ കോളുകൾ വഴിതിരിച്ചുവിടാനും കോളിൽ കടം കൊടുക്കുന്നയാളുമായി മോശമായ പെരുമാറ്റത്തിൽ ഏർപ്പെടാനും പോലും അവർ ആവശ്യപ്പെടുന്നു, കടം കൊടുക്കുന്നയാൾ അത് അംഗീകരിക്കുകയില്ല.

അത്തരം സ്ഥാപനങ്ങളുമായി ഉപഭോക്താവിന്റെ ഇടപഴകൽ പരിഗണിക്കാതെ തന്നെ, ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ മതിയായ ഫണ്ട് സൂക്ഷിക്കാത്തത് ഉപഭോക്താവ് പേയ്മെന്റ് നിർദ്ദേശങ്ങൾ ലംഘിക്കുന്നതിന് കാരണമാകുമെന്ന് ഓർമ്മിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു, ഇത് താഴെ പറയുന്നവയ്ക്ക് കാരണമാകുന്നു:

(എ) ബാങ്ക് പിഴ/ഫീസ് ഈടാക്കുകയും ക്രെഡിറ്റ് ബാലൻസ് ഉള്ളപ്പോൾ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുകയും ചെയ്യും. ബാങ്കിന്റെ അത്തരം ചാർജുകൾ അതേ മാസത്തിലോ നിരവധി മാസങ്ങളിലേത് ഒരുമിച്ച് ഏതെങ്കിലും ഒരു പ്രത്യേക മാസത്തിലോ ആയിരിക്കാം.

(b) ഉപഭോക്താവ് അടയ്ക്കേണ്ട ഇഎംഐ-യുടെ അത്തരം നോൺ-പേയ്മെന്റിന് കടം കൊടുക്കുന്നയാൾ പിഴ നിരക്കുകൾ ഈടാക്കും, ഇത് ഉപഭോക്താവ് അടയ്ക്കേണ്ടതാണ്.

തൽഫലമായി, ഉപഭോക്താവിന് ഇഎംഐ തുകയ്ക്ക് ഉപരിയായി അധിക തുകകൾ അടയ്ക്കേണ്ടി വരും. അതേ സമയം, അത്തരം പണമടയ്ക്കാത്തത് ഉപഭോക്താവിന്റെ ക്രെഡിറ്റ് റെക്കോർഡിൽ സിബിൽ സ്കോർ പ്രതികൂലമായി ബാധിക്കും.

കൂടാതെ, ഉപഭോക്താവ് അംഗീകരിച്ച വായ്പാ ക്രമീകരണത്തിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി ഒരു ഉപഭോക്താവിന് അവന്റെ / അവളുടെ ലോൺ അസൈൻ ചെയ്യാൻ കഴിയാത്തതിനാൽ കടം കൊടുക്കുന്നവർ ഡെബ്റ്റ് സെറ്റിൽമെന്റ് / കൗൺസലിംഗ് എന്റിറ്റികളെ അംഗീകരിക്കുകയില്ല.

ഉപഭോക്താവ് തിരിച്ചടയ്ക്കേണ്ട ലോൺ തുകയുടെ ഭാരം വർദ്ധിക്കുകയും ഉപഭോക്താവിന്റെ ക്രെഡിറ്റ് റേറ്റിംഗിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതല്ലാതെ, ഈ സ്ഥാപനങ്ങൾ സേവനങ്ങളൊന്നും നൽകുന്നില്ല, കാരണം അത്തരം സേവനങ്ങൾ നിയമപ്രകാരം അംഗീകരിക്കപ്പെടുകയോ അല്ലെങ്കിൽ അത്തരം പ്രവർത്തനങ്ങൾ നടത്താൻ കടം കൊടുക്കുന്നവർ അവരെ അധികാരപ്പെടുത്തുകയോ ചെയ്തിട്ടില്ല. നിരപരാധികളായ ഇരകൾ കഷ്ടപ്പെട്ട് സമ്പാദിച്ച പണം തട്ടിയെടുക്കുന്നതല്ലാതെ, ഈ സ്ഥാപനങ്ങൾ മറ്റൊരു സേവനവും നൽകുന്നില്ല.

അവരുടെ വെബ്സൈറ്റുകളിലും വിവിധ ഇലക്ട്രോണിക്/സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും വ്യാജ / തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന ഇത്തരം നിയമവിരുദ്ധവും വഞ്ചനാപരവുമായ സ്ഥാപനങ്ങൾക്കെതിരെ ജാഗ്രത പാലിക്കാൻ ഞങ്ങൾ ഉപഭോക്താക്കളോട് അഭ്യർത്ഥിക്കുന്നു, കാരണം ഇത്തരം അനധികൃത/നിയമവിരുദ്ധമായ വിധത്തിലുള്ള ലോൺ സെറ്റിൽമെന്റ് മോശമായ ക്രെഡിറ്റ് റെക്കോർഡിന്റെ കാര്യമായ അപകടസാധ്യതകളുണ്ടാക്കും. ഇത്തരത്തിലുള്ള ആരുടെയും തെറ്റായ ഉറപ്പുകളിൽ/അവകാശവാദങ്ങളിൽ വീഴരുതെന്ന് ഞങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

ജാഗ്രത പാലിക്കുക, സുരക്ഷിതമായിരിക്കുക.

ബജാജ് ഫിനാൻസ് ലിമിറ്റഡിന്റെ ഒരു പൊതു അവബോധ ഉപദേശം.

**BAJAJ FINANCE LIMITED**

SAVDHAAN RAHEIN SAFE RAHEIN